# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 267

26.9.2011 ൽ മറുപടിയ്ക്ക്

## <u>ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.കെ ശിവദാസൻ നായർ | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| ചോദ്യം | ഉത്തരം |
| എ) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | 100/- രൂപ വാർഷിക പ്രീമിയമായി ഈടാക്കിക്കൊണ്ട് 8,00,000/- രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഒരു പദ്ധതിയാണ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം. നഷ്ടപരിഹാരം നൽകുന്നതിന്റെ നിരക്കുകൾ ഇനി പറയും പ്രകാരമാണ്.<br>അപകട മരണം / അപകടം മൂലമുണ്ടാകുന്ന പൂർണ്ണ അംഗവൈകല്യം / രണ്ട് കാലുകൾ പൂർണ്ണമായി നഷ്ടപ്പെടൽ / രണ്ടു കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടൽ / അല്ലെങ്കിൽ ഒരു കാൽ നഷ്ടപ്പെടുകയും അതോടൊപ്പം ഒരു കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടുകയും സംഭവിച്ചാൽ - 8,00,000/- രൂപ, അപകടം മൂലം ഒരു കാൽ നഷ്ടപ്പെടുകയോ ഒരു കണ്ണിൻെറ കാഴ്ചശക്തി നഷ്ടപ്പെടുകയോ ചെയ്താൽ - 4,00,000/- രൂപ എന്നിങ്ങനെ നഷ്ടപരിഹാരം നൽകുന്നു. |

| | |
|---|---|
| ബി) ഈ പദ്ധതിയിൽ ഇപ്പോൾ അംഗങ്ങളായിരിക്കുന്നവർ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണ്; സി) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | സർക്കാർ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, സർക്കാർ എയ്ഡഡ് സ്ക്കൂൾ, കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരും, പാർക്ക് ടൈം കണ്ടിജന്റ് ജീവനക്കാരും, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) പദ്ധതി വിപുലീകരിക്കുതിന്റെ ഭാഗമായി കുടുംബശ്രീ, ജനശ്രീ അംഗങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | 2012ലെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പദ്ധതിയിൽ കുടുംബശ്രീ, ജനശ്രീ അംഗങ്ങളെ ഉൾപ്പെടുത്തുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ഇ) നിയമത്തിന്റെ നൂലാമാലകൾ ഒഴിവാക്കി ക്ളെയിം കൃത്യസമയത്ത് നൽകാൻ നടപടി സ്വീകരിക്കുമോ? | ജി.ഒ.(പി) നം. 616/10/ഫിൻ തീയതി, 23.11.2010 സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നൽകുന്ന ക്ളെയിമുകൾ കൃത്യ സമയത്ത് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ